## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2039** **7/07/2015-ൽ മറുപടിക്ക്**

# കിളികൊല്ലൂർ, കരിക്കോട് എന്നിവിടങ്ങളിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

**ചോദ്യം**

ശ്രീ.പി.കെ.ഗുരുദാസൻ

കൊല്ലം, കിളികൊല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ 31000ത്തോളം ഉപഭോക്താക്കളും, കോർപ്പറേഷനും, പഞ്ചായത്തുകളും ഉൾപ്പെടുന്ന ഓഫീസിന്റെ പ്രവർത്തന മേഖല വിഭജിച്ച് കിളികൊല്ലൂർ, കരിക്കോട് എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

നിലവിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ /50 ചതുരശ്ര കി.മി. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മി.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്. കിളിക്കൊല്ലൂർ സെക്ഷൻ ഓഫീസ് വിഭജിച്ച് കരിക്കോട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കരിക്കോട് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**